പാലക്കാട് ജില്ലയിൽ കാൻസർരോഗം

71 (736) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കാൻസർരോഗം ക്രമാതീതമായി വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലയിൽ കാൻസർരോഗം തടയുന്നതിനായി ആരോഗ്യവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പാലക്കാട് മെഡിക്കൽ കോളേജിൽ അത്യാധുനിക കാൻസർ ചികിത്സാ വിഭാഗം ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് എന്ന സ്ഥലത്ത് റീജിയണൽ കാൻസർ സെന്ററിന്റെ ഉപകേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു മുൻകൂർ കാൻസർ നിർണ്ണയകേന്ദ്രം (ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ) ഉണ്ട്. ഇതുവഴി പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ കാൻസർ ബോധവത്കരണ ക്ലാസ്സുകളും, കാൻസർ നിർണ്ണയ ക്ലിനിക്കും നടത്തിവരുന്നു.

ജില്ലയിൽ കാൻസർരോഗം തടയുന്നതിനായി സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് കാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ബോധവത്കരണ പരിപാടികൾ എല്ലാ സാമ്പത്തിക വർഷവും നടത്തിവരുന്നു. കാൻസർ നിർണ്ണയ ക്യാമ്പുകളും പ്രാദേശികതലത്തിൽ എല്ലാ സാമ്പത്തിക വർഷവും നടത്തുന്നതിലൂടെ രോഗബാധിതരെ മുൻകൂട്ടി കണ്ടെത്താൻ സാധിക്കുന്നു. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നൂതന പദ്ധതിയായ ജില്ലാ കാൻസർ കെയർ പദ്ധതിയിലൂടെ പാലക്കാട് ജില്ലാ ആശുപത്രിയിൽ ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിക്കുകയും പരിശീലനം ലഭിച്ച ഡോക്ടർമാരേയും നേഴ്സുമാരേയും പോസ്റ്റ് ചെയ്യുകയുമുണ്ടായി. കീമോതെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ ഇവിടെ ലഭ്യമാക്കുകയും കാൻസർ രോഗ നിർണ്ണയം നടത്തിവരികയും ചെയ്യുന്നു.

(സി) പാലക്കാട് മെഡിക്കൽ കോളേജ് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ വരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly